പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1603 06.03.2020 -ലെ മറുപടിക്ക്

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ**

**എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം.**

ചോദ്യം | മറുപടി

ശ്രീ.ആർ.രാജേഷ് | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിക്കര കെ.എസ്.ആർ. ടി.സി ഡിപ്പോയിൽ എൽ.എ. സി. - എ.ഡി.എസ്.- ൽ ഉൾപ്പെടുത്തി എം.എൽ.എ. ഫണ്ട് അനുവദിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഓഫീസ് ഉൾപ്പടെയുള്ള കെട്ടിട സമുച്ചയം നിർമ്മിക്കു ന്നതിന് സ്വീകരിച്ച നടപടി കൾ വിശദമാക്കാമോ? | (ബി) | ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ വിനിയോഗിച്ച് മാവേലിക്കര ഡിപ്പോയിൽ ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. 01-6-2016 ൽ ബിൽഡിംഗ് പെർമിറ്റിന് ആവശ്യമായ രേഖകൾ എല്ലാം ഉൾപ്പെടുത്തി ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷ മുൻസിപ്പാലിറ്റിയിൽ സമർപ്പിച്ചിരുന്നു. നിർമ്മാണ പ്രവൃത്തികൾ ഉടൻ തുടങ്ങുവാനും ബിൽഡിംഗ് പെർമിറ്റ് ഉടൻ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്നും ശ്രീ. ആർ. രാജേഷ് MLA നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 21/6/2016 ൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. പ്രവൃത്തി നടന്നുവരവെ മുൻസിപ്പാലിറ്റിയിൽ നിന്നും സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനെ തുടർന്ന് 01/7/2016 മുതൽ നിർമ്മാണ പ്രവർത്തനം നിർത്തിവെയ്ക്കേണ്ട സാഹചര്യം ഉണ്ടായി. പിന്നീട് പെർമിറ്റ് അനുവദിച്ച് നല്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി കത്ത് സമർപ്പിക്കുകയും ബഹു. മനുഷ്യാവകാശ കമ്മിഷന്റെ ഉത്തരവ് അനുസരിച്ച് ജില്ലാ കളക്ടർ ഈ പ്രശ്നത്തിൽ ഇടപെടലുകൾ നടത്തുകയും ചെയ്യുകിലും മുൻസിപ്പാലിറ്റി നാളിതു വരെ പെർമിറ്റ് |

| | | | |
|---|---|---|---|
| | | | അനുവദിച്ച് നൽകിയിട്ടില്ല. തുടർന്ന് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് അവിടെ ചെയ്ത പ്രവൃത്തികളുടെ കരാർ തുക നൽകി കരാറുകാരനെ ടി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിന് കെ.എസ്.ആർ.ടി.സി തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**